# ...ല മണ്ണെടുപ്പ് കളക്ടറേറ്റ് ധർണ




...ണ സമിതി നടത്തിയ കളക്ടറേറ്റ് ധർണ ജോസഫ് ... ഉദ്ഘാടനം ചെയ്യുന്നു



...അനൂപ് ജേക്കബ് എം.എൽ.എ. നിർവഹിക്കുന്നു

## സൈക്കിൾ വിതരണം ചെയ്തു

കൂത്താട്ടുകുളം: നഗരസഭയുടെ ... ആനുകൂല്യങ്ങളുടെ വിതരണോദ്ഘാടനം അനൂപ് ജേക്കബ് എം.എൽ.എ. നിർവഹിച്ചു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സൈക്കിളുകൾ നൽകി. നഗരസഭാ ചെയർമാൻ പ്രിൻസ് പോൾ ജോൺ അധ്യക്ഷനായി.

വൈസ് ചെയർപേഴ്സൺ ... ജോണി, ... ബേബി, സി.എൻ. പ്രഭകുമാർ, ... കുര്യാക്കോസ്, ... ജോർജ്, ... ജോൺ എന്നിവർ സംസാരിച്ചു.

## കോഴിപ്പിള്ളിയിൽ കുളം വൃത്തിയാക്കി

...ട്ടുകുളം: പാലക്കുഴ കോൺഗ്രസ് മണ്ഡലം കമ്മിറ്റി നേതൃത്വത്തിൽ കോഴിപ്പിള്ളിയിൽ കുളം ശുചീകരണം ... പ്രസിഡന്റ് ടി.എൻ. സുനിൽ, കെ.എ. ... എം.സി. എബ്രഹാം, ജോസഫ് ... ബിജി മണികണ്ഠൻ, ഉല്ലാസ് പാറപ്പുറ... എന്നിവർ നേതൃത്വം നൽകി.



## കാണാതായ മൂരിക്കിടാവിനെ കിണറ്റിൽ കണ്ടെത്തി

കോതമംഗലം: കാണാതായ മൂരിക്കിടാവിനെ ... കിണറ്റിൽ നിന്ന് കണ്ടെത്തി. ... [illegible]

## എംബിറ്റ്സ് എൻജി.കോളേജ് ഫെസ്റ്റ്

കോതമംഗലം: നെല്ലിമറ്റം എംബിറ്റ്സ് എൻജിനീയറിങ് കോളേജ് ടെക്നിക്കൽ ഫെസ്റ്റ് '...2k17' കോളേജ് സെക്രട്ടറി ജോൺസൺ കുര്യാക്കോസ് ഉദ്ഘാടനം ചെയ്തു. ചെയർമാൻ ... പി.എം. ജോർജ് അധ്യക്ഷനായി.

പ്രൊഫ. അരുൺ എൽദോ എലിയാസ്, യൂണിയൻ ചെയർമാൻ ... വൈസ് ചെയർപേഴ്സൺ ... സാജു, യൂണിയൻ സെക്ര. ... രാജു, ആർട്സ് ക്ലബ്ബ് സെക്ര. ... എന്നിവർ സംസാരിച്ചു.



നെല്ലിമറ്റം എംബിറ്റ്സ് എൻജി. കോളേജ് ഫെസ്റ്റ് സെക്രട്ടറി ജോൺസൺ കുര്യാക്കോസ് ഉദ്ഘാടനം ചെയ്യുന്നു

## കാൻസർ രോഗികൾക്ക് സാന്ത്വനവുമായി വിദ്യാർഥികൾ

മൂവാറ്റുപുഴ: എറണാകുളം ജനറൽ ആശുപത്രിയിലെ കാൻസർ രോഗികൾക്ക് സാന്ത്വനമായി വാഴക്കുളം വിശ്വജ്യോതി എൻജിനീയറിങ് കോളേജ് വിദ്യാർഥികൾ ജീവൻരക്ഷാ മരുന്നുകൾ നൽകി. കോളേജിലെ മെക്കാനിക്കൽ വിഭാഗം നാഷണൽ സർവീസ് സ്കീമിന്റെ നേതൃത്വത്തിലാണ് മരുന്നുകളും ബെഡ്ഷീറ്റുകളും വിതരണം ചെയ്തത്.

മെക്കാനിക്കൽ വിഭാഗം മേധാവി ... കോ-ഓർഡിനേറ്റർമാരായ സി. ... പി. എം. സാജു, ... സിറിൽ, രാഹുൽ ജോൺ എന്നിവർ നേതൃത്വം നൽകി.



എറണാകുളം ജനറൽ ആശുപത്രിയിലെ കാൻസർ രോഗികൾക്ക് വാഴക്കുളം വിശ്വജ്യോതി എൻജിനീയറിങ് കോളേജ് വിദ്യാർഥികൾ ജീവൻരക്ഷാ മരുന്നുകൾ നൽകുന്നു

## വൈദ്യുതി ബോർഡിലെ ഒഴിവുകൾ നികത്തണം

പെരുമ്പാവൂർ: വൈദ്യുതി ബോർഡിലെ ഒഴിവുകൾ നികത്തണമെന്ന് ... [illegible]

Deepika 22/04/2017

# പ്രത്യേക സംഘം അന്വേഷിക്കും

## ഗോവൻ സർക്കാരിന്റെ സഹായം തേടും

കൊച്ചി: കൊച്ചിയിൽ കഴിഞ്ഞ ദിവസം 84 ലക്ഷം രൂപയുടെ മയക്കുമരുന്ന് പിടികൂടിയ സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ എക്സൈസ് അസിസ്റ്റന്റ് കമ്മീഷണർ ... പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ചു.

കേസിൽ റിമാൻഡിലായ പ്രതി ... കസ്റ്റഡിയിൽ വിട്ടുകിട്ടാൻ ഇന്ന് അപേക്ഷ നൽകുമെന്ന് എക്സൈസ് അധികൃതർ പറഞ്ഞു.

സനീഷിന് മയക്കുമരുന്ന് നൽകിയത് ... ആരെന്ന് കണ്ടെത്തുകയാണ് ആദ്യലക്ഷ്യം. ഇതിനായി ഗോവൻ സർക്കാരിന്റെയും സുരക്ഷാ സംഘടനകളുടെയും സഹായം തേടും.


കസ്റ്റഡിയിൽ കിട്ടിയശേഷം ... ഗോവയ്ക്കു പോകാനും തീരുമാനിച്ചു. സനീഷിന്റെ മൊബൈൽ ഫോണും പരിശോധനയ്ക്ക് വിധേയമാക്കും. പിടിച്ചെടുത്ത മയക്കുമരുന്നുകൾ വ്യാഴാഴ്ച തന്നെ കോടതിയിൽ ഹാജരാക്കിയിരുന്നു. ഇവ ഇനി രാസപരിശോധനയ്ക്കായി ലാബിലേക്ക് അയയ്ക്കും. ... എൽഎസ്ഡി, കൊക്കെയ്ൻ, ഹാഷിഷ് എന്നിവ ഉൾപ്പെടെയുള്ള മയക്കുമരുന്നുകളാണ് കഴിഞ്ഞ ദിവസം എക്സൈസ് സംഘം പിടിച്ചത്.

കൊച്ചിയിലും മറ്റ് നഗരങ്ങളിലും വൻ ഹോട്ടലുകളിലെ നിശാപാർട്ടികൾക്കായി ... മയക്കുമരുന്ന് എത്തിക്കുന്നതായിരുന്നു സനീഷ് ചെയ്തിരുന്നത്. ഗോവയിൽനിന്ന് 1500 രൂപയ്ക്ക് വാങ്ങുന്ന മയക്കുമരുന്ന് ഗ്രാമിന് 5000 രൂപ നിരക്കിലാണ് കൊച്ചിയിൽ വിൽപന നടത്തിയിരുന്നത്.



ദേശീയതല പ്രോജക്ട് പ്രസന്റേഷനിൽ രണ്ടാം സ്ഥാനം നേടിയ വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജ് വിദ്യാർഥികളും അധ്യാപകരും ചേർന്ന് തമിഴ്നാട് ഗവർണർ വിദ്യാസാഗർ റാവുവിൽ നിന്നു പുരസ്കാരം ഏറ്റുവാങ്ങുന്നു.

# അടയ്ക്ക പറിക്കാൻ റോബോട്ട്: വിശ്വജ്യോതിയ്ക്ക് എഐഎംഒ പുരസ്കാരം



വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജ് വിദ്യാർഥികൾ വികസിപ്പിച്ചെടുത്ത അടയ്ക്ക പറിക്കുന്ന റോബോട്ട്.

മൂവാറ്റുപുഴ: കമുകിൽ കയറി അടയ്ക്ക പറിക്കുന്ന റോബോട്ട് നിർമിച്ചതിലൂടെ വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളജ് വിദ്യാർഥികൾ ഓൾ ഇന്ത്യ മാനുഫാക്ചേഴ്സ് അസോസിയേഷന്റെ (എഐഎംഒ) പുരസ്കാരം സ്വന്തമാക്കി.

അണ്ണാ യൂണിവേഴ്സിറ്റിയും ഓൾ ഇന്ത്യാ മാനുഫാക്ചേഴ്സ് അസോസിയേഷനും സംയുക്തമായി സംഘടിപ്പിച്ച നാഷണൽ ലെവൽ പ്രോജക്ട് പ്രസന്റേഷൻ "ടെക്നോ 2017" മത്സരത്തിലാണ് വിശ്വജ്യോതിക്ക് രണ്ടാം സ്ഥാനവും 50,000 രൂപയുടെ ക്യാഷ് അവാർഡും ലഭിച്ചത്. കോളജിലെ അവസാനവർഷ മെക്കാനിക്കൽ എൻജിനീയറിംഗ് വിദ്യാർഥികളായ ജോർജ് ജോളി, ബിനു ഏലിയാസ്, ജെ. ശ്രീലക്ഷ്മി, ഡിക്സൺ ജോൺ എന്നിവർ ചേർന്നാണ് റോബോട്ട് വികസിപ്പിച്ചെടുത്തത്. മെക്കാനിക്കൽ വിഭാഗം മേധാവി കെ. വി. ജോജ്, അസിസ്റ്റന്റ് പ്രഫസർമാരായ എൽദോസ് പോൾ, അജോ ഐസക് ജോൺ എന്നിവർ നേതൃത്വം നൽകി. 15,000 രൂപയിൽ താഴെ മാത്രം ചെലവുവരുന്ന റോബോട്ട് വിപണി ... കർഷകർക്ക് ... വ്യാവസായികാടിസ്ഥാനത്തിൽ റോബോട്ട് ലഭ്യമാക്കുന്നതു പരിഗണനയിലാണെന്നും കോളജ് അധികൃതർ അറിയിച്ചു.

## ഇന്നത്തെ പരിപാടി

മൂവാറ്റുപുഴ: ആരക്കുഴ ... പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് ആഘോഷമായ കുർബാന വൈകുന്നേരം 5.30ന്.

കോതമംഗലം: മാലിപ്പാറ ... സെന്റ് ജോർജ് പള്ളിയിൽ തിരുനാൾ കുർബാന വൈകുന്നേരം 5.30ന്.

മൂവാറ്റുപുഴ: ഈസ്റ്റ് മാറാടി സെന്റ് ജോർജ് കത്തീഡ്രൽ പള്ളിയിലും ... സെന്റ് ജോർജ് ... പള്ളിയിലും ... സഹായത്തോടെ ... തിരുനാൾ കൊടിയേറ്റ് വൈകുന്നേരം അഞ്ചിന്.

പോത്താനിക്കാട്: ... സെന്റ് ജോർജ് ... പള്ളിയിൽ ... സഹായത്തോടെ തിരുനാൾ കൊടിയേറ്റ് വൈകുന്നേരം നാലിന്.

മൂവാറ്റുപുഴ: മാറാടി ഇൻഡോർ സ്റ്റേഡിയത്തിന് ... വൈകുന്നേരം അഞ്ചിന്.

മൂവാറ്റുപുഴ: വാഴപ്പിള്ളി ... ഹോട്ടൽ ഓഡിറ്റോറിയത്തിൽ ... സെമിനാർ രാവിലെ പത്തു മുതൽ.

കോതമംഗലം: ... സെന്റ് ജോർജ് ... പള്ളിയിൽ ... പൊതുയോഗം വൈകുന്നേരം 6.15 മുതൽ.

കോതമംഗലം: നെല്ലിമറ്റം ... ഫെസ്റ്റ് രാവിലെ 11 മുതൽ.

## ഇന്നത്തെ സിനിമ

### കൂത്താട്ടുകുളം

വി സിനിമ:

സ്ക്രീൻ 1: ... (2), ... ധികാരി ബൈജു (2), ... (2), സ്ക്രീൻ 2: ... (3), ഫാസ്റ്റ് ആൻഡ് ഫ്യൂരിയസ് (1)

### മൂവാറ്റുപുഴ

ഐസക്സ്: പവർ പാണ്ടി(11,2)

ജോർജേട്ടൻസ് പൂരം(6,9)

ലത: സ്ക്രീൻ 1: സഖാവ്(11,2,6,9) ...

വെള്ളൂക്കുന്നിൽ: ...(2.15,6.15,9.15) പുത്തൻ പണം(11.15)

ലത: സ്ക്രീൻ 1: രക്ഷാധികാരി ബൈജു ഒപ്പ്(4) സ്ക്രീൻ 2: ... (11,2,8) ... (6)

### കോതമംഗലം

ആൻ ഡിജിറ്റൽ: സഖാവ്(2,6,9)


ജോർജേട്ടൻസ് പൂരം(11)

ജവഹർ: സത്യ(11,2) ജോർജേട്ടൻസ് പൂരം(6,8)

ഇവിഎം: രക്ഷാധികാരി ബൈജു ഒപ്പ്(2,5,8) ഫാസ്റ്റ് ആൻഡ് ഫ്യൂരിയസ് 8(11)

... ജത ജൂബിലി
... മ്മേളനം

... കേരള സർവീസ് പെൻഷനേഴ്സ് യൂണിയൻ ജില്ലാ ... സമ്മേളനം ... കമ്മ്യൂണിറ്റി ഹാളിൽ ... ഉദ്ഘാടനം ചെയ്തു. ... ജില്ലാ പ്രസിഡന്റ് ... ഉലഹന്നാൻ, ... പി. ജി. ... കെ. ... വി. മുരളി ... കെ. ... ഭാരവാഹികളായി വി. മുരളി ... പ്രസിഡന്റ്, സി.ടി. ഉലഹന്നാൻ, ടി. വേലായുധൻ നായർ ... വൈസ് പ്രസിഡന്റുമാർ, കെ. മോഹനൻ ... കെ.കെ. ... ട്രഷറർ എന്നിവരെ തെരഞ്ഞെടുത്തു.



കോഡ് പതിച്ച കോഴി

# ...യിപ്ര പഞ്ചായത്തിൽ ഡെങ്കിപ്പനി പടരുന്നു; ഞായറാഴ്ച ഡ്രൈഡേ

മുടവൂർ പ്രദേശം ഉൾപ്പെടുന്ന 16-ാം വാർഡിലാണ് ഡെങ്കിപ്പനി കൂടുതൽ പടർന്നു പിടിക്കുന്നത്. ഇവിടെനിന്ന് ഏറ്റവും കൂടുതൽ പേർ മൂവാറ്റുപുഴ ഗവ. ആശുപത്രിയിലും സ്വകാര്യ ആശുപത്രികളിലുമായി ചികിത്സ തേടിയിട്ടുണ്ട്. മാസങ്ങൾക്കു മുമ്പ് പഞ്ചായത്തിൽ മഞ്ഞപ്പിത്തം പടർന്നു പിടിച്ചിരുന്നു. ഇതിനു പിന്നാലെയാണ് ഡെങ്കിപ്പനിയും പടരുന്നത്.

കൊതുകിന്റെ പ്രജനന കേന്ദ്രങ്ങൾ നശിപ്പിക്കുക എന്നതാണ് പ്രധാനമായ പ്രതിരോധ മാർഗം.

ഇതിന്റെ ഭാഗമായി ഞായറാഴ്ച എല്ലാവരും തങ്ങളുടെ വീടിന്റെ ചുറ്റുപാടും കെട്ടിക്കിടക്കുന്ന വെള്ളം നിർമാർജനം ചെയ്യണം.

പ്ലാസ്റ്റിക് കുപ്പികളിലും പാത്രങ്ങളിലും ഡെങ്കിപ്പനി പരത്തുന്ന കൊതുകുകൾ മുട്ടയിടാൻ സാധ്യതയുള്ളതിനാൽ ഇവയെല്ലാം നശിപ്പിക്കണം.

കൊതുകു കൂത്താടികളെ കണ്ടെത്തിയാൽ അവയും നശിപ്പിക്കണമെന്ന് ആരോഗ്യ പ്രവർത്തകർ പ്രദേശവാസികളെ അറിയിച്ചു.

കുടിവെള്ളം സൂക്ഷിക്കുന്ന പാത്രങ്ങളും ടാങ്കുകളും മൂടിവെക്കണം. ഡ്രൈഡേ ആചരണം എല്ലാ ആഴ്ചയിലും പതിവായി നടത്താനാണ് തീരുമാനം. കൊതുകു കടിയേൽക്കാതെ പ്രതിരോധ മാർഗങ്ങൾ സ്വീകരിക്കണം.

പനിയുണ്ടായാൽ സ്വയം ചികിത്സിക്കാതെ ഡോക്ടറെ കാണണമെന്നും ആരോഗ്യ പ്രവർത്തകർ മുന്നറിയിപ്പു നൽകിയിട്ടുണ്ട്.

## ചുണ്ടമലപ്പുറത്ത് മദ്യശാല: നിർമാണം നാട്ടുകാർ തടഞ്ഞു

പെരുമ്പാവൂർ: വെങ്ങോല പഞ്ചായത്ത് ... ബിവറേജസ് കോർപ്പറേഷന്റെ മദ്യവിൽപ്പനശാല സ്ഥാപിക്കാനുള്ള നീക്കത്തിൽ പ്രതിഷേധം. മദ്യശാലയുടെ പ്രവർത്തനത്തിനായി കണ്ടെത്തിയ കെട്ടിടത്തിന്റെ ചുറ്റുമതിൽ ഉയർത്തിപ്പണിയാനുള്ള ശ്രമം നാട്ടുകാർ തടഞ്ഞു. ജനവാസകേന്ദ്രത്തിൽ മദ്യവിൽപ്പനശാല സ്ഥാപിക്കരുതെന്നാവശ്യപ്പെട്ട് വെങ്ങോല ഗ്രാമരക്ഷാ സമിതി സംസ്ഥാന മനുഷ്യാവകാശ കമ്മിഷന് പരാതി നൽകി.

## 'അരങ്ങ്' കലാമത്സരങ്ങൾ

പെരുമ്പാവൂർ: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ കമ്മിറ്റിയുടെ 'അരങ്ങ്' പരിപാടിയുടെ ഭാഗമായി കലാകായിക മത്സരങ്ങൾ സംഘടിപ്പിച്ചു. ജില്ലാ വൈസ് പ്രസിഡന്റ് സി.കെ. അബ്ദുള്ള ഉദ്ഘാടനം ചെയ്തു. വി.പി. നൗഷാദ്, കെ. ജയകൃഷ്ണൻ, എൽ.ടി. കുര്യാച്ചൻ, സി.എം. നെയ്ത്തു മുഹമ്മദ് എന്നിവർ നേതൃത്വം നൽകി.

## രജതജൂബിലി ആഘോഷം നാളെ

പെരുമ്പാവൂർ: വെങ്ങോല ബത്‌സദാ മാർബേസിൽ സൺഡേ സ്കൂളിന്റെ രജതജൂബിലിയാഘോഷവും അവധിക്കാല സെമിനാർ ക്ലാസിന്റെ സമാപനവും ഞായറാഴ്ച വൈകിട്ട് ഹാളിൽ നടക്കും. ഡോ. എബ്രഹാം മാർ സേവേറിയോസ് മെത്രാപ്പോലീത്തയുടെ അധ്യക്ഷതയിൽ 6.30ന് ഡോ. സോജൻലാൽ ഉദ്ഘാടനം ചെയ്യും.



അടയ്ക്ക പറിക്കുന്ന റോബോട്ട് നിർമിച്ച മൂവാറ്റുപുഴ വാഴക്കുളം വിശ്വജ്യോതിയിലെ കുട്ടികൾക്ക് തമിഴ്നാട് ഗവർണർ വിദ്യാസാഗർ റാവു പുരസ്കാരം നല്കുന്നു.

# അടയ്ക്ക പറിക്കാൻ കവുങ്ങിൽ കേറേണ്ട; വിശ്വജ്യോതിയിൽ റോബോട്ട് തയ്യാർ...

മൂവാറ്റുപുഴ: അടയ്ക്ക പറിക്കാൻ ഇനി കവുങ്ങിൽ കയറി വിഷമിക്കേണ്ട... മൂവാറ്റുപുഴ വാഴക്കുളം വിശ്വജ്യോതി എൻജിനീയറിങ് കോളേജിലെ മിടുക്കൻമാർ കവുങ്ങിൽ കയറി അടയ്ക്ക പറിക്കുന്ന റോബോട്ട് തയ്യാറാക്കിക്കഴിഞ്ഞു.


ഈ യന്ത്രത്തിന്റെ നിർമിതിക്ക് വിശ്വജ്യോതി കോളേജിലെ കുട്ടികൾക്ക് ഓൾ ഇന്ത്യ മാനുഫാക്ചറേഴ്സ് അസോസിയേഷൻ അവാർഡും ലഭിച്ചു.

അണ്ണാ യൂണിവേഴ്സിറ്റിയും ഓൾ ഇന്ത്യ മാനുഫാക്ചറേഴ്സ് അസോസിയേഷനും ചേർന്ന് സംഘടിപ്പിച്ച നാഷണൽ ലെവൽ പ്രോജക്ട് പ്രസന്റേഷനിലാണ് വിശ്വജ്യോതിക്ക് രണ്ടാം സ്ഥാനവും 50,000 രൂപ കാഷ് അവാർഡും ലഭിച്ചത്.

തമിഴ്നാട് ഗവർണർ വിദ്യാസാഗർ റാവുവിൽ നിന്ന് കുട്ടികളും അധ്യാപകരും ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി.

കോളേജിലെ അവസാന വർഷ മെക്കാനിക്കൽ എൻജിനീയറിങ് വിദ്യാർഥികളായ ജോർജ് ജോളി, ബിബു ഏലിയാസ്, ശ്രീലക്ഷ്മി ജെ., ഡിക്സൺ ജോൺ എന്നിവരാണ് ഈ നൂതന ആശയത്തിനു പിന്നിൽ പ്രവർത്തിച്ചത്.

മെക്കാനിക്കൽ വിഭാഗം തലവൻ വിനോദ് കെ., അസിസ്റ്റന്റ് പ്രൊഫസർമാരായ എൻ.ബോസ് പോൾ, അജോ റിഫ്ടസ് ജോൺ എന്നിവർ പിന്തുണ നല്കി.


അടയ്ക്ക പറിക്കുന്ന റോബോട്ട്

നിർമാണ ചെലവ് 10,000 രൂപയിൽ താഴെ മാത്രം വരുന്ന റിമോട്ട് കൺട്രോളിന്റെ സഹായത്താൽ ആർക്കും താഴെ നിന്ന് അനായാസം പ്രവർത്തിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള റോബോട്ട് വ്യാവസായികാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നത് പരിഗണനയിലാണെന്ന് കോളേജ് അറിയിച്ചു.

# ...ാരിയെ ആക്രമിച്ച സംഭവത്തിൽ രണ്ടു പ്രതികൾ പിടിയിൽ

...യക്ക തായച്ചിരിക്കുക
...രിശോധനാ ഫലം ലഭി
...ഡെങ്കിപ്പനിയാണെന്നായി
...രീകരിക്കാനാകുമെന്ന്
...ർ പറഞ്ഞു.

...പ്പനി ബാധിച്ച് ചികിത്സ
...യുന്നവരുടെ വീടുകളി
...ലും പനി കണ്ടെത്തി
...ന്നത്. ഡെങ്കിപ്പനി പ്രതി
...വർത്തനങ്ങൾ ആരോ
...ഉൗർജിതമാക്കുമെന്നാ
...പ്പടരുന്നത് ആശങ്കയ്ക്ക്
...ിയിരിക്കുകയാണ്. പ്ര
...തിരോധ പ്രവർത്തന
...ഭാഗമായി കഴിഞ്ഞദിവ
...ഡിഎംഒ എൻ.ആർ.
...നേതൃത്വത്തിൽ ആ
...രോഗ ഉന്നത ഉദ്യോഗ
...യോഗം ചേർന്നിരുന്നു.

വെള്ളം സംഭരിച്ച് വയ്ക്കുന്നതാ
ണ് കൊതുക് പെരുകാൻ കാര
ണമെന്ന് കണ്ടെത്തിയിരുന്നു. വേ
നൽ കനത്തതോടെ ടാങ്കുകളി
ലും അടപ്പില്ലാത്ത പാത്രങ്ങളി
ലും വെള്ളം സംഭരിച്ചു. ഇവിടെ
കളിൽ കൊതുകുകൾ മുട്ട
യിട്ട് പെരുകുന്നതായി സംഘം
കണ്ടെത്തി. വെള്ളം സൂക്ഷിക്കു
ന്നത് അടപ്പുള്ള പാത്രങ്ങളി
ലായിരിക്കണമെന്ന നിർദേശം
സംഘം പ്രദേശവാസികൾക്ക് ന
ൽകിയിട്ടുണ്ട്.

രോഗപ്രതിരോധത്തിന് ശക്ത
മായ ബോധവത്കരണ പ്രവർ
ത്തനങ്ങൾ ആവശ്യമാണെന്നും
സംഘം നിർദേശിച്ചു. സംഘത്തി
ന്റെ സേവനം ആവശ്യപ്പെട്ട് പ
ഞ്ചായത്ത് ആരോഗ്യവിഭാഗം വി

...ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡ
ന്റ് സുബൈദ നാസർ നിർവഹി
ച്ചു. പഞ്ചായത്തംഗങ്ങളായ പി.
എ. അനിൽ, സീനത്ത് അസീസ്,
സൈനബ കൊച്ചക്കോൻ എന്നി
വർ പ്രസംഗിച്ചു.

അഞ്ചാം വാർഡിൽ നടന്ന
ബോധവത്കരണ ക്ലാസിന് കോ
ട്ടപ്പടി പഞ്ചായത്തിലെ ഹോമി
യോ ഡോക്ടർ സുനീഫ് പി.ഹനി
ഫയും 16-ാം വാർഡിൽ നടന്ന
ബോധവത്കരണ ക്ലാസിന് എം.
സീനമോളും നേതൃത്വം നൽകി.

നാളെ പേഴയ്ക്കാപ്പിള്ളി ഷ
മ്മാ ഓഡിറ്റോറിയത്തിൽ നടക്കു
ന്ന ബോധവത്കരണ ക്ലാസിൽ
പങ്കെടുക്കുന്നവർക്ക് ഹോമി
യോ പ്രതിരോധ മരുന്ന് വിതര
ണം ചെയ്യും.

...മൂന്നു മാസം മുമ്പ് ആരക്കുഴ
വില്ലേജ് ഓഫീസിൽ ജോലിക്ക്
ഹാജരായത് ഇയാളാണെന്നാണു
പോലീസിനു ലഭിച്ച വിവരം. ഇ
തേത്തുടർന്ന് ഇയാളെ മൂവാറ്റുപു

...ഫീസർ സംഘം ഇയാളെ
...യി മൂവാറ്റുപുഴയിലെത്തുകയാ
യിരുന്നു. തെളിവെടുപ്പിനു ശേ
ഷം പ്രതിയെ മൂവാറ്റുപുഴ...
...കൊണ്ടുപോയി

## വയോജന സൗഹൃദ ഉല്ലാസയാത്ര

**കോതമംഗലം:** റെഡ്ക്രോസ് സൊ
സൈറ്റി കോതമംഗലം താലൂക്ക്
ബ്രാഞ്ചിന്റെയും വയോമിത്രം
കോതമംഗലം യൂണിറ്റിന്റെയും
സംയുക്താഭിമുഖ്യത്തിൽ വയോ
ജന സൗഹൃദ ഉല്ലാസയാത്ര നട
ത്തും. നാളെ രാവിലെ 9.30ന് നഗ
രസഭ ചെയർപേഴ്സൺ മഞ്ജു
സിജു ഉദ്ഘാടനം ചെയ്യും. നഗ
രത്തിലും പരിസര പ്രദേശത്തുമു
ള്ള നിർധനരായ 65 വയസിനു മു
കളിൽ പ്രായമുള്ള 40 വയോജന
ങ്ങളെ പങ്കെടുപ്പിച്ച് തട്ടേക്കാട്, ഭൂ
തത്താൻകെട്ട് എന്നിവിടങ്ങളിലേ
ക്കാണ് ഉല്ലാസയാത്ര ഒരുക്കിയി
ട്ടുള്ളത്. റെഡ്ക്രോസ് സൊ
സൈറ്റി താലൂക്ക് ചെയർമാൻ
ജോർജ് എബ്രഹാം, വയോമി
ത്രം കോ-ഓർഡിനേറ്റർ റെനി എ
ന്നിവർ നേതൃത്വം നൽകും.

# ...ാവത്കരണ
# ...ുന്നു

...ങ്കിപ്പനി കൂടുതലായി
...ങ്ങൾക്കു മുമ്പ്
...ിടങ്ങളിൽ മഞ്ഞപ്പിത്തം
...ഞ്ചു പേർ മരിച്ചിരു

...ഗ്യവകുപ്പിന്റെ വിദഗ്ധ
...ത്തിയ പഠനത്തിൽ
...ലെ വിവിധ പ്രദേശങ്ങ
...ിസ് കൊതുകുകളു
...ത്തിനും ഡെങ്കിപ്പനി
...നും അനുകൂല സാ
...ന്നുള്ളതെന്ന് കണ്ടെ
...ു. കഴിഞ്ഞവർഷം ഉ
...ും ജനപ്രതിനിധിക
...ത്തെടുപ്പ് പ്രവർത്തന
...ാപൃതരായിരുന്നതി

നാൽ ശുചീകരണ പ്രവർത്തന
ങ്ങളും ബോധവത്കരണ പ്രവ
ർത്തനങ്ങളും ആദ്യഘട്ടത്തിലു
ണ്ടായിരുന്നില്ല. രോഗം വേഗത്തി
ൽ പടർന്നുപിടിക്കുന്നതിന് ഇതു
കാരണമായിരുന്നു.

ആരോഗ്യവകുപ്പും തദ്ദേശ സ്വ
യംഭരണ സ്ഥാപനങ്ങളും ഉണർ
ന്നു പ്രവർത്തനം ആരംഭിച്ചപ്പോ
ഴേക്കും നിരവധിപ്പേർക്ക് രോഗം
പിടിപെട്ടിരുന്നു. ശുചീകരണ
ബോധവത്കരണ പ്രവർത്തന
ങ്ങൾ ശക്തമാക്കിയില്ലെങ്കിൽ ഇ
ക്കുറിയും രോഗവ്യാപനം നിയ
ന്ത്രണവിധേയമാകാനുള്ള സാ
ധ്യത കുറവാണ്.



ഡിഎഫ്സി മാറിക ഫൊറോന കൺവൻഷൻ കോതമംഗലം രൂപത പ്രസിഡന്റ് ജിബോയിച്ചൻ വടക്കൻ ഉദ്ഘാടനം ചെയ്യുന്നു. ജോയി കുര്യാൽ, തോമസ് കുണിഞ്ഞി, ജോസഫ് മൂലശേരി, ഫാ. ജിന്റോ പുന്നക്കുന്നത്തിൽ, ജോയി നടുക്കുടി, ടോം ജെ. കല്ലറയ്ക്കൽ എന്നിവർ സമീപം.

## കെസിവൈഎം യുവജന ധ്യാനം നാളെ

**മൂവാറ്റുപുഴ:** യുവദീപ്തി-കെസിവൈഎം കോതമംഗലം രൂപതാ സമിതിയുടെ നേതൃത്വത്തിൽ നടത്തുന്ന യുവജന ധ്യാനം പിന്നെനി-2017 നാളെ ഉച്ചയ്ക്ക് രണ്ടിന് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ ആരംഭിക്കും. കാഞ്ഞിരപ്പിള്ളി ബിഷപ് മാർ മാത്യു അറയ്ക്കൽ രക്ഷാധികാരിയായിട്ടുള്ള കമ്യൂണിറ്റി ഹീലേഴ്സ് ടീമാണ് ധ്യാനം നയിക്കുന്നത്. മേയ് രണ്ടിന് ഉച്ചയ്ക്ക് ഒന്നിന് ധ്യാനം സമാപിക്കും. താത്പര്യമുള്ളവർ നാളെ ഉച്ചയ്ക്ക് രണ്ടിനു മുമ്പായി നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ എത്തണം. ഫോൺ: 903790...



യൂത്ത് കോൺഗ്രസ് മൂവാറ്റുപുഴ നിയോജകമണ്ഡലം വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഷാൻ മുഹമ്മദ്.



...ക്കാർ ആശുപത്രിക്ക് നൽകുന്ന ഉപകരണങ്ങളുടെ വിതര...

### കുടുംബയോഗം

**കല്ലൂർക്കാട്:** വട്ടക്കുഴിയിൽ കുടുംബയോഗ വാർഷിക പൊതുയോഗം നാളെ രാവിലെ പത്തിന് നടക്കും. കല്ലൂർക്കാട് സെന്റ് അഗസ്റ്റിൻസ് പാരിഷ് ഹാളിൽ ചേരുന്ന യോഗം വികാരി ഫാ. ജോസഫ് കുഴിക്കണ്ണിയിൽ ഉദ്ഘാടനം ചെയ്യും. കുടുംബയോഗം പ്രസിഡന്റ് വി.എം. മത്തായി അധ്യക്ഷനാകും. തുടർന്ന് സാമ്പത്തിക ആസൂത്രണം കുടുംബത്തിൽ എന്ന വിഷയത്തിൽ ജോഷി ജേക്കബ് വട്ടക്കുഴി ക്ലാസ് നയിക്കും. വിവിധ രംഗങ്ങളിൽ മികവ് തെളിയിച്ചവരെ യോഗത്തിൽ ആദരിക്കുമെന്ന് സെക്രട്ടറി ഗ്രേഷ്യസ് ജോർജ് അറിയിച്ചു.

## വിശ്വജ്യോതി എൻജിനിയറിംഗ് കോളജിൽ കരിയർ ഗൈഡൻസ് സെമിനാർ ഇന്ന്

**മൂവാറ്റുപുഴ:** വാഴക്കുളം വിശ്വജ്യോതി എൻജിനിയറിംഗ് കോളജിൽ കരിയർ ഗൈഡൻസ് സെമിനാർ ഇന്നു നടക്കും. രാവിലെ പത്തിനു സെമിനാർ ആരംഭിക്കും.

പ്ലസ്ടു പരീക്ഷ എഴുതി ഫലം കാത്തിരിക്കുന്ന വിദ്യാർഥികൾക്കും അവരുടെ മാതാപിതാക്കൾക്കുമായാണ് സെമിനാർ സംഘടിപ്പിച്ചിട്ടുള്ളത്. പ്രശസ്ത കരിയർ ഗുരു ഡോ. പി.ആർ. വെങ്കിട്ടരാമൻ ക്ലാസ് നയിക്കും. വിവിധ കോഴ്സുകൾ സംബന്ധിച്ചുള്ള സംശയങ്ങൾക്ക് അദ്ദേഹം മറുപടി നൽകും. സെമിനാറിൽ പങ്കെടുക്കുന്നവർക്ക് വാഹന സൗകര്യവും ഉച്ചഭക്ഷണവും ഒരുക്കിയിട്ടുണ്ട്. വിശ്വജ്യോതി കോളജിലെ ലാബുകൾ, ലൈബ്രറി, ഹോസ്റ്റലുകൾ തുടങ്ങിയവ സന്ദർശിക്കാനും അവസരമൊരുക്കിയിട്ടുണ്ടെന്നു കോളജ് അധികൃതർ അറിയിച്ചു.

### ആരോഗ്യ ഇൻഷ്വറൻസ്

**മാറാടി:** പഞ്ചായത്തിലെ ആരോ...

## ടോണി മാത്യുവിന്റെ മരണം:

### മണ്ഡലം സമ്മേളനം

Deepika
28th April 2017 Friday